## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2974** | **21/08/2017 ൽ മറുപടിയ്ക്ക്**

### ചൊക്ലി കൃഷി ഓഫീസിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ :** | | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലുള്ള കൃഷി ഓഫീസിൽ 2 വർഷമായി കൃഷി ഓഫീസർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി ഓഫീസറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. കൃഷി ഓഫീസർ തസ്തികയിൽ നിയമനത്തിന് പി എസ് സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013 ൽ അവസാനിച്ചിരുന്നു. നിലവിൽ കൃഷി ഓഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് 24/7/2017 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചാലുടൻ തന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കൃഷി ഓഫീസിൽ 3 കൃഷി അസിസ്റ്റന്റുമാർ വേണ്ട സ്ഥാനത്ത് ഒരു കൃഷി അസിസ്റ്റന്റ് മാത്രമാണ് ഉള്ളതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അഭാവം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും ഒഴിവ് നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**